# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 347 | 27.02.2018 - ൽ മറുപടിയ്ക്ക് |
|---|---|

## ചരക്ക് സേവന നികുതി ശൃംഖല

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.അടൂർ പ്രകാശ്<br>,, എം. വിൻസെന്റ് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ചരക്ക് സേവന നികുതി ശൃംഖല പൂർണ്ണമായും സജ്ജമായിട്ടുണ്ടോ; നിലവിൽ എത്ര ശതമാനം വ്യാപാരികൾ രജിസ്ട്രേഷൻ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; | (എ) | ജി.എസ്.ടി റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യാനുള്ള സോഫ്റ്റ് വെയർ ഇതുവരെയും സജ്ജമായിട്ടില്ല. സംസ്ഥാനത്ത് 3,07,988 വ്യാപാരികൾ ഇതിനകം ജി.എസ്.ടി രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്. |
| (ബി) | കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നികുതി അടയ്ക്കുന്നതിന് ജി.എസ്.ടി പിരിക്കുവാൻ പാടില്ലായെന്ന വ്യവസ്ഥയും കോമ്പൗണ്ടിംഗ് വ്യാപാരിയാണെന്ന് നെയിം ബോർഡ് പ്രദർശിപ്പിക്കണമെന്ന വ്യവസ്ഥയും പല വ്യാപാരികളും പാലിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വകുപ്പിലെ ഇന്റലിജൻസ് വിഭാഗം ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (ബി) | കോമ്പോസിഷൻ സ്കീം തെരഞ്ഞെടുത്തിട്ടുള്ള വ്യാപാരികൾക്ക് നികുതി പിരിക്കാൻ അധികാരമില്ല. ജി.എസ്.ടി യുടെ തുടക്ക സമയത്ത് കോമ്പോസിഷൻ രീതി സ്വീകരിച്ചിട്ടുള്ള ചില വ്യാപാരികൾ നികുതി പിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജി.എസ്.ടി നിയമമനുസരിച്ച് കോമ്പൗണ്ടിംഗ് വ്യാപാരിയാണെന്ന നെയിം ബോർഡുകൾ വ്യാപാരസ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതുണ്ട്. നിയമവിരുദ്ധമായി നികുതി പിരിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനായി തുടർപരിശോധന നടത്തുന്നതിന് വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന ചരക്കുസേവനനികുതി വകുപ്പ് സംസ്ഥാനമൊട്ടാകെയുള്ള കടകളിൽ നിന്നും വ്യാപകമായി ബില്ലുകൾ ശേഖരിക്കുകയും കോമ്പൗണ്ടിംഗ് രീതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് നികുതി പിരിക്കാൻ അവകാശം ഇല്ല എന്ന ബോധവത്കരണം നടത്തുകയും |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. കച്ചവടക്കാരുടെ രജിസ്ട്രേഷൻ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അറിയുന്നതിനായി മൊബൈൽ ആപ്പ് പുറത്തിറക്കിയിട്ടുണ്ട്. മാസ് മീഡിയ വഴിയും ഇതിനുവേണ്ട ബോധവത്കരണം നടത്തുന്നുണ്ട്. നിയമപരമായി ഇത്തരം കാര്യങ്ങളിൽ നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന സർക്കാരിന് അധികാരപരിമിതികളുണ്ട്. സാമൂഹിക ബോധവത്കരണത്തിലൂടെ മാത്രമേ ഇത് തടയാൻ സാധിക്കുകയുള്ളൂ. |
| (സി) | ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ഫെസിലിറ്റേഷൻ സെന്റർ മാത്രമായി പരിമിതപ്പെടുത്തിയ സാഹചര്യത്തിൽ നികുതി വെട്ടിപ്പിനുള്ള മാർഗ്ഗം അടയ്ക്കുന്നത് എപ്രകാരമാണെന്ന് വിശദീകരിക്കാമോ; | (സി), (ഡി) & (ഇ) | ജി.എസ്.ടി നടപ്പിലാകുന്ന മുറയ്ക്ക് രാജ്യത്തൊട്ടാകെയുള്ള ചരക്കുകളുടെ നീക്കം ഇ-വേ ബിൽ എന്ന ഓൺലൈൻ ഡിക്ലറേഷന്റെ അടിസ്ഥാനത്തിലായിരിക്കുമെന്നായിരുന്നു ധാരണ. 01-02-2018 മുതൽ ഇന്ത്യയിലൊട്ടാകെ അന്തർ സംസ്ഥാന ചരക്കു നീക്കത്തിന് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കി കേന്ദ്ര ചട്ടം നിലവിൽ വന്നെങ്കിലും ഇ-വേ ബിൽ സോഫ്റ്റ് വെയറിൽ സാങ്കേതിക പ്രശ്നങ്ങളുണ്ടായതിനെത്തുടർന്ന് വ്യാപാരികൾക്ക് ഇ-വേ ബിൽ എടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. ഇതിനെത്തുടർന്ന് കേന്ദ്രസർക്കാർ ഇ-വേ ബിൽ നിർബന്ധമല്ലാതാക്കികൊണ്ടുള്ള വിജ്ഞാപനം ഫെബ്രുവരി 2 ന് പുറപ്പെടുവിച്ചു. ഇ-വേ ബിൽ സമ്പ്രദായം നിർബന്ധമാകുന്നതോടെ നികുതിവെട്ടിപ്പുകൾ പരമാവധി ഇല്ലാതാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ഡി) | ഇ-വേ ബിൽ സമ്പ്രദായം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇക്കാര്യത്തിലുണ്ടായിട്ടുള്ള പ്രതിബന്ധം എന്താണെന്നും വ്യക്തമാക്കുമോ; | | |
| (ഇ) | ഇ-വേ ബിൽ സമ്പ്രദായം പ്രാവർത്തികമാകുമ്പോൾ നികുതി വെട്ടിപ്പ് പൂർണ്ണമായും തടയുവാൻ കഴിയുമോ എന്ന് അറിയിക്കാമോ? | | |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്- എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി - പട്ടാമ്പി നിയോജക മണ്ഡലം - ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് തുക അനുവദിക്കുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

**ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്**

സ.ഉ. (സാധാ) നം. 1037/2018/ധന തിരുവനന്തപുരം, തീയതി : 09.02.2018

പരാമർശം : 1. 29.12.2017-ലെ സ.ഉ.(അ) നം. 161/2017/ധന. ഉത്തരവ്
2. ശ്രീ.മുഹമ്മദ് മുഹസിൻ എം.എൽ.എ. ബഹു.ധനകാര്യ മന്ത്രിക്ക് 01.11.2017-ൽ നൽകിയ കത്ത്.

**ഉത്തരവ്**

പട്ടാമ്പി നിയോജകമണ്ഡലത്തിലെ ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വൃദ്ധ ജന പകൽ വിശ്രമ കേന്ദ്രത്തിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിന് എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും 9,50,000/- രൂപ വിനിയോഗിക്കുവാൻ പ്രത്യേകാനുമതി നൽകണമെന്ന് ശ്രീ.മുഹമ്മദ് മുഹസിൻ എം.എൽ.എ. പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പട്ടാമ്പി നിയോജകമണ്ഡലത്തിലെ ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വൃദ്ധ ജന പകൽ വിശ്രമ കേന്ദ്രത്തിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിന് പട്ടാമ്പി നിയോജകമണ്ഡലത്തിലെ ശ്രീ.മുഹമ്മദ് മുഹസിൻ എം.എൽ.എ.യുടെ പ്രത്യേക വികസന നിധിയിൽ നിന്നും **9,50,000/- രൂപ (ഒൻപത് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം)** വിനിയോഗിക്കുവാൻ പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ മാർഗ്ഗരേഖയിൽ ഇളവു വരുത്തി പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്.നരേന്ദ്രൻ പിള്ള**
**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :-
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി&എസ്.എസ്.എ)കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ശ്രീ.മുഹമ്മദ് മുഹസിൻ എം.എൽ.എ., എം.എൽ.എ. ക്യാമ്പ് ഓഫീസ്, മേലേ പട്ടാമ്പി, പാലക്കാട്-679303.
ജില്ലാ കളക്ടർ, പാലക്കാട്
ജില്ലാ ട്രഷറി ഓഫീസർ, പാലക്കാട്
നോഡൽ ഓഫീസർ www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (File No. NC-B1/140/2017-FIN)

ഉത്തരവിൻ പ്രകാരം,

**സെക്ഷൻ ഓഫീസർ**